**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 915** **07-12-2022 - ൽ മറുപടിയ്ക്ക്**

**ഹരിപ്പാട് മണ്ഡലത്തിലെ സൈബർശ്രീ പ്രൊജക്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ രമേശ് ചെന്നിത്തല** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഹരിപ്പാട് മണ്ഡലത്തിൽ പട്ടികജാതി വിദ്യാർത്ഥികളുടെ പരിശീലനത്തിനായി സി-ഡിറ്റ് മുഖേന സ്ഥാപിച്ചിരുന്ന സൈബർശ്രീ പദ്ധതിയുടെ പ്രവർത്തനം ഫണ്ടിന്റെ അപര്യാപ്തത കാരണം മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് സൈബർശ്രീ അധികൃതർ നൽകിയിരുന്ന പ്രൊപ്പോസലിന്മേൽ സ്വീകരിച്ച തുടർനടപടികൾ അറിയിക്കുമോ; | (ബി) | 19/7/19 തീയതിയിലെ സ.ഉ(സാധാ) നം.754/2019/പജപവവിവ നം. ഉത്തരവിന്റെ അടിസ്ഥാനത്തിൽ Training programme for Digital print and Web Designing, Computerized finance Management എന്നീ കോഴ്സുകൾക്ക് ഭരണാനുമതി നൽകിയിരുന്നു. ഇതിൻപ്രകാരം ആകെ 60 വിദ്യാർത്ഥികൾക്ക് 6 മാസം ദൈർഘ്യമുള്ള കോഴ്സുകൾ ചെയ്യുന്നതിന് MOU ഒപ്പുവെയ്ക്കുന്ന മുറയ്ക്ക് 50% തുകയും ട്രെയിനിംഗ് ആരംഭിച്ച് മൂന്ന് മാസത്തിനകം ബാക്കിയുള്ള 50% തുകയും നൽകുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ മൂന്ന് ബാച്ചുകളിലായി 39 പേർ മാത്രമേ കോഴ്സ് പൂർത്തീകരിച്ചിരുന്നുള്ളൂ. 39 വിദ്യാർത്ഥികൾക്ക് ആനുപാതികമായ നിരക്കിൽ തുക സ്ഥാപനത്തിന് അനുവദിച്ച് നൽകിയിരുന്നു. എന്നാൽ 21 വിദ്യാർത്ഥികൾക്ക് കൂടി കോഴ്സ് തുടർന്ന് ചെയ്യുന്നതിനുള്ള അനുമതിയ്ക്കായി 23/08/2022ൽ സൈബർശ്രീ അപേക്ഷിച്ചതിൻ പ്രകാരം ഉത്തരവ് റീവാലിഡേറ്റ് ചെയ്യുന്നത് സംബന്ധിച്ച് പരിശോധിച്ചുവരുന്നു. |
| (സി) | ആവശ്യമായ ഫണ്ട് അടിയന്തരമായി അനുവദിച്ച് ഹരിപ്പാട് സൈബർശ്രീയുടെ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | 19/7/19 തീയതിയിലെ സ.ഉ(സാധാ) നം.754/2019/പജപവവിവ നം. ഉത്തരവിന്റെ അടിസ്ഥാനത്തിൽ Training programme for Digital print and Web Designing, Computerized finance Management എന്നീ കോഴ്സുകൾക്ക് ഭരണാനുമതി നൽകിയിരുന്നു. ഇതിൻപ്രകാരം |

| | | | |
|---|---|---|---|
| | | | ആകെ 60 വിദ്യാർത്ഥികൾക്ക് 6 മാസം ദൈർഘ്യമുള്ള കോഴ്സുകൾ ചെയ്യുന്നതിന് MOU ഒപ്പുവെയ്ക്കുന്ന മുറയ്ക്ക് 50% തുകയും ട്രെയിനിംഗ് ആരംഭിച്ച് മൂന്ന് മാസത്തിനകം ബാക്കിയുള്ള 50% തുകയും നൽകുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ മൂന്ന് ബാച്ചുകളിലായി 39 പേർ മാത്രമേ കോഴ്സ് പൂർത്തീകരിച്ചിരുന്നുള്ളൂ. 39 വിദ്യാർത്ഥികൾക്ക് ആനുപാതികമായ നിരക്കിൽ തുക സ്ഥാപനത്തിന് അനുവദിച്ച് നൽകിയിരുന്നു. എന്നാൽ 21 വിദ്യാർത്ഥികൾക്ക് കൂടി കോഴ്സ് തുടർന്ന് ചെയ്യുന്നതിനുള്ള അനുമതിയ്ക്കായി 23/08/2022ൽ സൈബർശ്രീ അപേക്ഷിച്ചതിൻ പ്രകാരം ഉത്തരവ് റീവാലിഡേറ്റ് ചെയ്യുന്നത് സംബന്ധിച്ച് പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ